കവർസ്റ്റോറി

സ്വാമി ലക്ഷ്മി ശങ്കരാചാര്യ



- *നിരപരാധികളോട് യുദ്ധം ചെയ്യാനും അവരെ വധിക്കാനും ഹിംസ വ്യാപിപ്പിക്കാനും ഇസ്‌ലാം ആഹ്വാനം ചെയ്യുന്നുണ്ടോ?*
- *മറ്റുള്ളവരുടെ ആരാധനാ കേന്ദ്രങ്ങൾ തകർക്കാൻ ഇസ്‌ലാം കൽപിച്ചിട്ടുണ്ടോ?*
- *നിർബന്ധ മതപരിവർത്തനം ഇസ്‌ലാമിന്റെ ലക്ഷ്യമാണോ?*
- *ആക്രമണങ്ങൾ സംഘടിപ്പിക്കുകയും നിരപരാധികളെ വധിക്കുകയും ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നതിന്റെ പേരാണോ ജിഹാദ്?*
- *യഥാർഥത്തിൽ ഇസ്‌ലാം ഭീകരവാദത്തെ പ്രോത്സാഹിപ്പിക്കുന്ന മതമാണോ?*

# ഇസ്‌ലാം ഭീകരതയല്ല, അനുധാവനം ചെയ്യപ്പെടേണ്ട ജീവിതദർശനം

ഇസ്‌ലാമിനെയും മുസ്‌ലിംകളെയും തെറ്റിദ്ധരിച്ച് ഉത്തർപ്രദേശിലെ കാൺപൂർ സ്വദേശിയായ സ്വാമി ലക്ഷ്മി ശങ്കരാചാര്യ എഴുതിയ പുസ്തകമാണ് The History of Islamic Terrorism (ഇസ്‌ലാമിക ഭീകരതയുടെ ചരിത്രം). ഇസ്‌ലാമിനെ കൂടുതൽ പഠിച്ചപ്പോൾ തന്റെ ധാരണകളെല്ലാം പിഴവായിരുന്നുവെന്ന് അദ്ദേഹത്തിന് ബോധ്യമായി. വന്നുപോയ അബദ്ധങ്ങളിൽ ഖേദം പ്രകടിപ്പിച്ചും അവ തിരുത്തിയും 'ഇസ്‌ലാം ഭീകരതയല്ല, ഒരു ആദർശ സംഹിത' എന്ന പേരിൽ മറ്റൊരു പുസ്തകവും അദ്ദേഹം എഴുതി. തന്റെ പുതിയ കണ്ടെത്തലുകളും തിരിച്ചറിവുകളും പങ്കുവെച്ചുകൊണ്ട് ദൽഹിയിൽനിന്നിറങ്ങുന്ന *കാന്തി* ഹിന്ദി മാസിക (2009 ജൂൺ)യിൽ അദ്ദേഹം എഴുതിയ ലേഖനത്തിന്റെ വിവർത്തനമാണ് താഴെ. വിവ: പി.കെ മുഹമ്മദലി അന്തമാൻ

**വർഷങ്ങൾക്ക്** മുമ്പ് *ദൈനിക് ജാഗരൺ* പത്രത്തിൽ 'വർഗീയ കലാപങ്ങളുടെ കാരണങ്ങൾ' എന്ന തലക്കെട്ടിൽ ബൽരാജ് മധോക്കിന്റെ ഒരു ലേഖനം വായിച്ചിരുന്നു. ഖുർആൻ കാഫിറുകളുമായി യുദ്ധം ചെയ്യാൻ മുസ്‌ലിംകളോട് ആഹ്വാനം ചെയ്തതാണ് ഹിന്ദു- മുസ്‌ലിം സംഘർഷങ്ങൾക്ക് കാരണം എന്നാണ് ലേഖനത്തിൽ സമർഥിച്ചിരുന്നത്. ഇതുമായി ബന്ധപ്പെട്ട ഖുർആൻ സൂക്തങ്ങളും ഉദ്ധരിച്ചിരുന്നു.

'അന്യമതസ്ഥരോട് യുദ്ധം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഖുർആനിലെ 24 സൂക്തങ്ങൾ' എന്ന തലക്കെട്ടിൽ ദൽഹിയിൽനിന്ന് പ്രസിദ്ധീകരിച്ച ഒരു ലഘുലേഖയും ആരോ എനിക്ക് വായിക്കാൻ തന്നു. അത് വായിച്ചപ്പോൾ ഖുർആൻ വായിക്കണമെന്ന് തോന്നി. ഇസ്‌ലാമിക് ബുക്സ്റ്റാളിൽനിന്ന് ഖുർആന്റെ ഹിന്ദി പരിഭാഷ ലഭിച്ചു. ലഘുലേഖയിൽ ഉദ്ധരിച്ച മുഴുവൻ സൂക്തങ്ങളും ഖുർആനിൽ ഞാൻ വായിച്ചു.

ഹിന്ദു-മുസ്‌ലിം രാജാക്കന്മാർക്കിടയിൽ നടന്ന യുദ്ധങ്ങൾക്കും കൊല്ലും കൊലക്കും ഇന്നും അരങ്ങേറിക്കൊണ്ടിരിക്കുന്ന വർഗീയ കലാപങ്ങൾക്കും ഭീകര പ്രവർത്തനങ്ങൾക്കും കാരണം ഇസ്‌ലാമാണെന്ന തെറ്റിദ്ധാരണ അതുവഴി എന്നിൽ രൂഢമൂലമായി.

ഇസ്‌ലാമിക ചരിത്രത്തെയും ഇന്നത്തെ സംഭവവികാസങ്ങളെയും കോർത്തിണക്കി *ഇസ്‌ലാമിക ഭീകരവാദത്തിന്റെ ചരിത്രം* എന്ന പേരിൽ ഞാനൊരു പുസ്തകം രചിച്ചു. The History of Islamic Terrorism എന്ന പേരിൽ അതിന്റെ ഇംഗ്ലീഷ് പരിഭാഷ (സുദർശൻ പ്രകാശൻ, സീതാകുഞ്ച് ലിബർട്ടി ഗാർഡൻ റോഡ് നമ്പർ 3, മലാഡ് (പശ്ചിം) മുംബൈ 400064) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈയിടെ ഇസ്‌ലാമിക പണ്ഡിതന്മാരുടെ ഒരു പ്രസ്താവന വായിക്കാനിടയായി- 'ഇസ്‌ലാമിന് ഭീകരവാദവുമായി ഒരു ബന്ധവുമില്ല. ഇസ്‌ലാം സ്നേഹത്തിന്റെയും സദ്ഭാവനയുടെയും സാഹോദര്യത്തിന്റെയും ദർശനമാണ്. നിരപരാധികളെ വധിക്കുന്നത് ഇസ്‌ലാമിക അധ്യാപനങ്ങൾക്ക് എതിരാണ്'. ഭീകരവാദത്തിനെതിരിൽ അവർ ഒരു ഫത്‌വയും ഇറക്കി.

അപ്പോൾ ഖുർആനിൽ ജിഹാദുമായി ബന്ധപ്പെട്ട സൂക്തങ്ങളുടെ നിജസ്ഥിതി അറിയാൻ മുസ്‌ലിം പണ്ഡിതന്മാരുമായി ഞാൻ ബന്ധപ്പെട്ടു. വിശുദ്ധ ഖുർആനിലെ സൂക്തങ്ങൾ വ്യത്യസ്ത സാഹചര്യങ്ങളിൽ അവതരിച്ചതാണെന്നും സൂക്തങ്ങളുടെ കേവലാർഥങ്ങൾ മാത്രം വായിക്കുന്നതിനു പകരം ഏതു പശ്ചാത്തലത്തിലാണ് അവയുടെ അവതരണമെന്നു കൂടി പരിശോധിച്ചാൽ മാത്രമേ അതിന്റെ ശരിയായ അർഥവും ഉദ്ദേശ്യവും ഗ്രഹിക്കാനാവൂ എന്നും അവർ പറഞ്ഞു. വിശുദ്ധ ഖുർആൻ അവതീർണമായത് പ്രവാചകൻ മുഹമ്മദിനാണെന്നും അതിന്റെ ആശയം ശരിയായി ഗ്രഹിക്കണമെങ്കിൽ പ്രവാചക ജീവിതം കൂടി പഠനവിധേയമാക്കണമെന്നും അവർ നിർദേശിച്ചു.

രാജ്യത്ത് നാശം വിതറുകയും പ്രവാചകനെയും അനുചരന്മാരെയും നിരന്തരം പീഡിപ്പിക്കുകയും മർദിക്കുകയും അവസാനം അദ്ദേഹത്തെയും അനുചരന്മാരെയും ഉന്മൂലനം ചെയ്യാനായി മുന്നിട്ടിറങ്ങുകയും ചെയ്ത അവിശ്വാസികളോട് യുദ്ധാഹ്വാനം നടത്തുന്ന സൂക്തങ്ങളുടെ ഹിന്ദി പരിഭാഷയാണ് താങ്കൾ വായിച്ചതെന്നും അവരെന്നെ ഉണർത്തി. "ഇസ്‌ലാമിനെക്കുറിച്ച അജ്ഞത കാരണം ഖുർആനിക സൂക്തങ്ങളുടെ ശരിയായ ആശയം താങ്കൾക്ക് ഗ്രഹിക്കാനാവുന്നില്ല. ഖുർആനോടൊപ്പം പ്രവാചകജീവിതവും പഠനവിധേയമാക്കിയിരുന്നുവെങ്കിൽ താങ്കൾ ചിന്താകുഴപ്പത്തിലകപ്പെടുമായിരുന്നില്ല"- അവർ ഓർമിപ്പിച്ചു.

മുസ്‌ലിം പണ്ഡിതന്മാരുടെ നിർദേശാനുസാരം ഞാനാദ്യം പ്രവാചകൻ മുഹമ്മദിന്റെ ജീവചരിത്രം വായിച്ചു. അനന്തരം ശുദ്ധ മനസ്സോടെ ഖുർആൻ ആദ്യന്തം വായിച്ചു. അപ്പോഴെനിക്ക് ഖുർആനിക സൂക്തങ്ങളുടെ ശരിയായ അർഥവും ആശയവും ഗ്രഹിക്കാനായി. സത്യം വ്യക്തമായപ്പോൾ എനിക്ക് സംഭവിച്ച ഗുരുതരമായ വീഴ്ചയിൽ അതിയായി ഖേദിച്ചു. ബുദ്ധിഭ്രമം സംഭവിച്ചതാണല്ലോ 'ഇസ്‌ലാമിക ഭീകരവാദത്തിന്റെ ചരിത്രം' എഴുതാൻ കാരണം.

ഞാൻ അല്ലാഹുവിനോടും പ്രവാചകനോടും മുസ്‌ലിം സമൂഹത്തോടും പരസ്യമായി മാപ്പപേക്ഷിക്കുന്നതോടൊപ്പം, അജ്ഞത കാരണം ഞാൻ എഴുതുകയും പറയുകയും ചെയ്തതൊക്കെ ഞാൻ തിരിച്ചെടുക്കുന്നു. *ഇസ്‌ലാമിക ഭീകരവാദത്തിന്റെ ചരിത്രം* എന്ന പുസ്തകത്തിൽ ഞാനെഴുതിയതൊക്കെ ശൂന്യമായി കരുതണമെന്ന് മുഴുവൻ മനുഷ്യരോടും ഞാൻ അഭ്യർഥിക്കുന്നു.

## ദുഷ്പ്രചാരണം

ഇന്ത്യയിലടക്കം ലോകത്തെവിടെ സ്ഫോടനമുണ്ടാവുകയോ അതിൽ നിരപരാധികൾ വധിക്കപ്പെടുകയോ ചെയ്താൽ സംഭവത്തിൽ ഒരു മുസ്‌ലിം നാമധാരി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെ ഇസ്‌ലാമിക ഭീകരതയായി ചിത്രീകരിക്കുന്നേടത്ത് നിന്നാണ് പ്രശ്നത്തിന്റെ തുടക്കം. അൽപസമയത്തിനകം മീഡിയയും നിക്ഷിപ്ത താൽപര്യക്കാരും അതേറ്റെടുക്കുകയും അതിനെ ഇസ്‌ലാമിക ഭീകരതയായി വ്യാഖ്യാനിക്കുകയും ചെയ്യുന്നു. എവിടെ സ്ഫോടനമുണ്ടായാലും അതിന്റെ പിന്നിൽ ഇസ്‌ലാമിക ഭീകരരാണെന്ന ധാരണ തൽക്ഷണം വ്യാപിക്കാൻ ഇത് കാരണമായി. ഭീകരത ഇസ്‌ലാമിന്റെ പര്യായമാണെന്ന പ്രതീതി ജനിപ്പിക്കാൻ മീഡിയയുടെ പ്രചാരണങ്ങൾക്കും വ്യത്യസ്ത ഭാഷകളിൽ പുറത്തിറങ്ങുന്ന സാഹിത്യങ്ങൾക്കും സാധിച്ചു.

"ഖുർആനിക സൂക്തങ്ങൾ ഇതര മതങ്ങളിൽ വിശ്വസിക്കുന്ന കാഫിറുകളോട് യുദ്ധം ചെയ്യാനും നിഷ്കരുണം അവരെ വധിക്കാനും ആഹ്വാനം ചെയ്യുന്നു. ഭീഷണിയിലൂടെ ഇസ്‌ലാമിലേക്ക് പരിവർത്തിപ്പിക്കാനും അവരുടെ ആരാധനാലയങ്ങൾ നശിപ്പിക്കാനും നിർദേശം നൽകുന്നു. ഇതാണ് യഥാർഥ ജിഹാദ്. ഇത്തരം ജിഹാദികൾക്ക് അല്ലാഹു സ്വർഗം വാഗ്ദാനം ചെയ്യുന്നു." ആസൂത്രിതമായി നടത്തപ്പെട്ട ഇത്തരം ദുഷ്പ്രചാരണങ്ങളിലൂടെ ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്തുന്നതിൽ അവർ വിജയിച്ചു.

യാഥാർഥ്യമെന്ത്? സത്യം ഗ്രഹിക്കാൻ ഞാൻ സ്വീകരിച്ച അതേ മാർഗം തന്നെ നമുക്കും സ്വീകരിക്കാവുന്നതാണ്. ശുദ്ധ മനസ്സോടെ ഞാൻ നടത്തിയ ശ്രമത്തിൽ അറിയാതെ വല്ല അബദ്ധവും വന്നുപോയിട്ടുണ്ടെങ്കിൽ വായനക്കാർ ക്ഷമിക്കണമെന്ന് അഭ്യർഥിക്കുന്നു.

ഇസ്‌ലാമിനെക്കുറിച്ച് ശരിയായ അഭിപ്രായം രൂപീകരിക്കാൻ നമുക്ക് മൂന്ന് മാനദണ്ഡങ്ങൾ അവലംബിക്കാം.

1. വിശുദ്ധ ഖുർആൻ.
2. പ്രവാചകന്റെ ജീവിതം.
3. പ്രവാചക വചനങ്ങൾ അഥവാ ഹദീസ്.

ഈ മൂന്ന് മാനദണ്ഡങ്ങൾ വെച്ച് നമുക്ക് പരിശോധിക്കാം.

നിരപരാധികളോട് യുദ്ധം ചെയ്യാനും അവരെ വധിക്കാനും ഹിംസ വ്യാപിപ്പിക്കാനും ഇസ്‌ലാം ആഹ്വാനം ചെയ്യുന്നുണ്ടോ?

മറ്റുള്ളവരുടെ ആരാധനാ കേന്ദ്രങ്ങൾ തകർക്കാൻ ഇസ്‌ലാം കൽപിച്ചിട്ടുണ്ടോ?

നിർബന്ധ മതപരിവർത്തനം ഇസ്‌ലാമിന്റെ ലക്ഷ്യമാണോ?

ആക്രമണങ്ങൾ സംഘടിപ്പിക്കുകയും നിരപരാധികളെ വധിക്കുകയും ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നതിന്റെ പേരാണോ ജിഹാദ്?

യഥാർഥത്തിൽ ഇസ്‌ലാം ഭീകരവാദത്തെ പ്രോത്സാഹിപ്പിക്കുന്ന മതമാണോ?

പ്രഥമമായി നാം അറിഞ്ഞിരിക്കേണ്ടത് മുഹമ്മദ് മഹാനായ പ്രവാചകനും അന്ത്യദൂതനുമാണ് എന്ന വസ്തുതയാണ്. ഖുർആൻ അദ്ദേഹത്തിനാണ് അവതീർണമായത്. പ്രവാചകത്വ ലബ്ധിക്ക് ശേഷം ജീവിതാന്ത്യം വരെയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഖുർആനിനനുസൃതമായിരുന്നു. മറ്റൊരു ഭാഷയിൽ, മുഹമ്മദ് നബിയുടെ 23 വർഷക്കാലത്തെ ജീവിതം ഖുർആന്റെയും ഇസ്‌ലാമിന്റെയും പ്രായോഗിക മാതൃ

# ധാരണകൾ തിരുത്തപ്പെടുന്നു

മൗലാനാ എന്ന് വിളിക്കപ്പെടുന്ന മുസ്‌ലിം പണ്ഡിതന്മാർ കഠിന മനസ്കരും ഇതര മതവിശ്വാസികളോട് പരുഷമായി പെരുമാറുന്നവരുമാണെന്നായിരുന്നു എന്റെ ധാരണ. അവരുമായി അടുത്തിടപഴകിയപ്പോൾ ഉന്നത സ്വഭാവത്തിന്റെ ഉടമകളും അന്യമതാചാര്യന്മാരെ ആദരിക്കുന്നവരും മാനവ സമൂഹത്തിന്റെ ഗുണകാംക്ഷികളും ദയാ ഭാവമുള്ളവരുമാണെന്ന് മനസ്സിലായി. അവർ ഇസ്‌ലാമിക മൂല്യങ്ങളും നിയമങ്ങളും മുറുകെപ്പിടിക്കുന്നവരാണ്. സംസ്കാര സമ്പന്നരും മൃദുല ഭാഷികളുമാണ്.

ഇത്തരം പണ്ഡിതന്മാരെ കുറിച്ച് ഞാൻ തെറ്റായ ധാരണകൾ വെച്ചുപുലർത്തിയിരുന്നു. ഇസ്‌ലാമിനെ തെറ്റിദ്ധരിക്കാനുണ്ടായ കാരണം, ആ ധാരണ തിരുത്തപ്പെട്ടതെങ്ങനെ തുടങ്ങിയ കാര്യങ്ങൾ വിശദീകരിച്ചെഴുതാൻ ഞാൻ തീരുമാനിച്ചു. തെറ്റിദ്ധാരണയാൽ മുമ്പ് ഞാനെഴുതുകയും പറയുകയും ചെയ്ത കാര്യങ്ങളിൽ ഞാൻ പശ്ചാത്തപിക്കുന്നു.

അതോടൊപ്പം മുസ്‌ലിം സമൂഹത്തോട് കാണിക്കുന്ന വിവേചനത്തിനെതിരെ ശബ്ദിക്കാനും ആഗ്രഹിക്കുന്നു. സ്വന്തത്തിന്റെയും ദേശത്തിന്റെയും സമൂഹത്തിന്റെയും താൽപര്യങ്ങൾക്കായി ഞാൻ നിരന്തരം ചിന്തിച്ചുകൊണ്ടിരിക്കുന്നു. ഒരു ദിവസം ഞാൻ അതീവ ദുഃഖിതനായി. പരമേശ്വരാ! എനിക്കിനി എന്താണ് ചെയ്യാനാവുക എന്നാലോചിച്ച് രാത്രി ഒരു മണിവരെ എനിക്കുറങ്ങാനായില്ല. എനിക്കൊരു സത്കർമം ചെയ്യണം. പക്ഷേ അതെങ്ങനെ ചെയ്യാനാവും എന്നാലോചിച്ചുകൊണ്ടിരിക്കെ നിദ്ര എന്നെ തലോടി. ഈ പുസ്തകമെഴുതണമെന്ന സ്വപ്ന ദർശനമുണ്ടായി. അങ്ങനെ ഞാനീ പുസ്തകം എഴുതാൻ തീരുമാനിച്ചു. എന്നാൽ ഇതിനു മുമ്പെഴുതിയ പുസ്തകത്തിന് തികച്ചും വിപരീതമായ ഒന്നാണല്ലോ ഇത്. ഇതിന് മുമ്പ് ഞാനിതിനെ കുറിച്ചാലോചിച്ചിട്ടേയില്ല. വിഷയത്തെക്കുറിച്ച് വേണ്ടത്ര വിവരവുമില്ല. എന്നിട്ടും ഏതോ ഒരദൃശ്യ ശക്തിയുടെ സഹായത്താൽ ഞാനീ പുസ്തകം എഴുതാനാരംഭിച്ചു.

പുസ്തകം സുഖമായി എഴുതിത്തീർക്കാനായത് ദൈവത്തിൽനിന്നുള്ള അദൃശ്യ സഹായത്താലാണെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു.

പുസ്തകത്തിന്റെ ആദ്യ ഭാഗത്തുതന്നെ 24 സൂക്തങ്ങൾ ഉദ്ധരിച്ച് തയാറാക്കിയ ലഘുലേഖയെ കുറിച്ച് ഞാൻ പരാമർശിച്ചിരുന്നു. എന്നാൽ ലഘുലേഖ എന്റെ കൈവശമുണ്ടായിരുന്നില്ല. ഇങ്ങനെ ഒരു ലഘുലേഖ വിതരണം ചെയ്തിരുന്നു എന്ന് എനിക്കറിയാമായിരുന്നു. 24 സൂക്തങ്ങളിൽ ചിലതൊഴിച്ച് മറ്റൊന്നും എന്റെ ഓർമയിലില്ലായിരുന്നു. ലഘുലേഖ കൈവശമില്ലാത്തത് എന്നെ പ്രയാസപ്പെടുത്തിക്കൊണ്ടിരുന്നു. എവിടെ നിന്നാണ് ലഭിക്കുക എന്ന് ആലോചിച്ചുകൊണ്ടിരുന്നു. അത്ഭുതകരമെന്ന് പറയട്ടെ അന്ന് വൈകുന്നേരം തന്നെ ദൽഹിയിലെ ഹിന്ദു റൈറ്റേഴ്സ് ഫോറത്തിന്റെ സ്ഥാപകൻ അയച്ച ആ ലഘുലേഖ എനിക്ക് ലഭിച്ചു. പിറ്റേന്ന് ദൽഹിയിൽനിന്ന് ഹിന്ദു മഹാ സഭ പ്രസിദ്ധീകരിക്കുന്ന 'ഹിന്ദുസഭാ വാർത്ത'എന്ന പാക്ഷികവും കിട്ടി. അതിൽ ഇവ്വിഷയകമായി വിസ്തരിച്ച ചർച്ചയുണ്ടായിരുന്നു. ലഘുലേഖ കണ്ടെത്താനായതുകൊണ്ടാണ് പുസ്തകത്തിന്റെ മൂന്നാം ഭാഗം എഴുതാനായത്.

മനുഷ്യർക്ക് സത്യവും നീതിയും വ്യക്തമാക്കിക്കൊടുക്കാൻ ഞാൻ നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങൾക്ക് ദൈവിക സഹായം ലഭ്യമാവാനായി അവനോട് മാത്രം ഞാൻ കേഴുന്നു. പരമകാരുണികനും കരുണാവാരിധിയുമായ ദൈവം നമ്മെ സഹായിക്കുകയും എനിക്ക് സന്മാർഗം അരുളുകയും ചെയ്യുമാറാകട്ടെ.

**സ്വാമി ലക്ഷ്മി ശങ്കരാചാര്യ**

കയായിരുന്നു. അതിനാൽ ഇസ്‌ലാമിനെയും ഖുർആനെയും മനസ്സിലാക്കാനുള്ള അത്യുത്തമ മാർഗം പ്രവാചകജീവിതം പഠിക്കുക എന്നതാണ്. ഇതെന്റെ അനുഭവമാണ്. അദ്ദേഹത്തിന്റെ ജീവിതവും ഖുർആനും പഠനവിധേയമാക്കുന്ന ആർക്കും ഇസ്‌ലാം ഭീകരതയാണോ ഒരു ജീവിത ദർശനമാണോ എന്ന് സ്വയമേവ നിർണയിക്കാനാവും.

പ്രവാചകൻ ദൈവിക സന്ദേശം ജനങ്ങൾക്കെത്തിച്ചു കൊടുത്തു. "അല്ലാഹു ഏകനാണ്. അവനൊരു പങ്കുകാരനുമില്ല. ആരാധനക്കർഹൻ അവൻ മാത്രമാണ്. ആരാധനകൾ അവന് മാത്രമേ ചെയ്യാവൂ. ദൈവം എന്നെ പ്രവാചകനായി നിയോഗിച്ചിരിക്കുന്നു. ജനങ്ങൾക്ക് സത്യം വ്യക്തമാക്കിക്കൊടുക്കാനും ചൊവ്വായ മാർഗം കാണിച്ചുകൊടുക്കാനും എനിക്കവൻ ദൈവിക സൂക്തങ്ങൾ അവതരിപ്പിച്ചു." ആദ്യം വിശ്വസിച്ചത് സഹധർമിണി ഖദീജയാണ്. അനന്തരം പിതൃവ്യപുത്രൻ അലി, ദത്ത് പുത്രൻ സൈദ്, ആത്മമിത്രം അബൂബക്കർ എന്നിവർ സത്യസാക്ഷ്യവചനം ഉച്ചരിച്ച് മുസ്‌ലിംകളായി.

മക്കയിലെ മറ്റു പലരും വിശ്വസിച്ചുകൊണ്ടിരിക്കുന്നു. മുഹമ്മദ് പൂർവികരുടെ മതവും ബഹുദൈവവിശ്വാസവും ശിലാപൂജയും ഉപേക്ഷിച്ച് പുതിയൊരു മതം പ്രചരിപ്പിക്കുകയാണെന്ന് മനസ്സിലാക്കിയ ബന്ധുക്കൾ കൂടിയായ ഖുറൈശികൾ ക്രുദ്ധരായി. മക്കയിലെ ബഹുദൈവവിശ്വാസികൾ അദ്ദേഹത്തിന്റെ പിതൃവ്യൻ അബൂത്വാലിബിനെ സമീപിച്ച് സങ്കടം ബോധിപ്പിച്ചു. അബൂത്വാലിബ് മുഹമ്മദിനെ കണ്ട് അവരുടെ ആവശ്യങ്ങൾ അറിയിച്ചു. അദ്ദേഹം പറഞ്ഞു: "മുഹമ്മദേ! ഇവർ ഖുറൈശികളിലെ സ്വാധീനമുള്ള നേതാക്കന്മാരാണ്. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരുമില്ല എന്ന നിന്റെ പ്രചാരണം നിർത്തണമെന്നും പൂർവികരുടെ മതത്തിൽ ഉറച്ചുനിൽക്കണമെന്നും ഇവരാഗ്രഹിക്കുന്നു."

ലാഇലാഹ ഇല്ലല്ലാഹ് (ആരാധനക്കർഹനായി അല്ലാഹുവല്ലാതെ ആരുമില്ല) എന്ന സന്ദേശം പ്രചരിപ്പിക്കുന്നത് നിർത്തുകയില്ല എന്ന് മുഹമ്മദ് അറിയിച്ചപ്പോൾ ഖുറൈശി പ്രമാണിമാർ കോപിഷ്ഠരായി തിരിച്ചുപോയി.

മുഹമ്മദിനെ സർവശക്തിയുമുപയോഗിച്ച് എതിർക്കണമെന്ന് ഖുറൈശി തലവന്മാർ തീരുമാനിച്ചു. അവർ മുഹമ്മദിനെയും അനുചരന്മാരെയും നിർദയം പീഡിപ്പിക്കുകയും അപമാനിക്കുകയും കല്ലെറിയുകയും ചെയ്തു. പ്രവാചകൻ അ

വരുടെ അതിക്രമങ്ങളെ സൽപെരുമാറ്റത്തിലൂടെ നേരിട്ടു. മുഹമ്മദിനെയും അനുചരന്മാരെയും എതിർക്കാൻ ഖുറൈശികളോടൊപ്പം ഇതര അറബ് ഗോത്രങ്ങളും അണിനിരന്നു. ഒരു മുസ്‌ലിമിനും അഭയം നൽകരുതെന്ന് അവർ ഐകകണ്ഠ്യേന തീരുമാനിച്ചു. ഒരു മുസ്‌ലിമിനെ കിട്ടിയാൽ അവനെ നന്നായി മർദിക്കുകയും അപമാനിക്കുകയും പൂർവിക മതത്തിലേക്ക് തിരിച്ചുവരാൻ നിർബന്ധിക്കുകയും ചെയ്യുമെന്ന് ഓരോ ഗോത്രവും സ്വന്തം ഉത്തരവാദിത്വമായി ഏറ്റെടുത്തു. ദൈനംദിനം മർദന പീഡനങ്ങൾ വർധിച്ചുകൊണ്ടേയിരുന്നു. നിരപരാധികളും പാവങ്ങളുമായ മുസ്‌ലിംകളെ അവർ ബന്ധനസ്ഥരാക്കി. അടിച്ചും ഇടിച്ചും പട്ടിണിക്കിട്ടും പരവശരാക്കി. ചുട്ടുപഴുത്ത മണലാരണ്യത്തിൽ നഗ്നരാക്കി കിടത്തി. പഴുപ്പിച്ച ഇരുമ്പ്ദണ്ഡ് കൊണ്ട് ചൂടുവെച്ചു. ചെയ്യാനാവുന്ന നിഷ്ഠുര കൃത്യങ്ങളൊക്കെ അവർ ചെയ്തു.

ഉദാഹരണത്തിന് ഒന്നു രണ്ട് സംഭവങ്ങൾ ഉദ്ധരിക്കാം: യാസിറും ഭാര്യ സുമയ്യയും മകൻ അമ്മാറും മക്കയിലെ ദരിദ്രരായിരുന്നു. അവർ ഇസ്‌ലാം ആശ്ലേഷിച്ചു വിശ്വാസികളായതിൽ പ്രതിഷേധിച്ച് മക്കയിലെ കാഫിറുകൾ നട്ടുച്ച നേരത്ത് അവരെ വിവസ്ത്രരാക്കി ചുട്ടുപഴുത്ത മണലിൽ കിടത്തി പീഡിപ്പിച്ചു. യാസിർ അസഹ്യമായ മർദന പീഡനങ്ങളേറ്റ് പിടഞ്ഞ് അന്ത്യശ്വാസം വലിച്ചു. മുഹമ്മദിന്റെയും അനുചരന്മാരുടെയും മുഖ്യശത്രുവായ അബൂജഹൽ സുമയ്യയെ മർദിച്ചുകൊണ്ടിരുന്നു. ഒരു ദിവസം അവർ അബൂജഹലിനെതിരായി പ്രാർഥിച്ചു. അതിൽ രോഷാകുലനായ അബൂജഹൽ കുന്തമെറിഞ്ഞ് അവരെ നിഷ്കരുണം വധിച്ചു. സത്യത്തിന്റെ സംരക്ഷണത്തിനായി അബലയായ സുമയ്യ രക്തസാക്ഷിത്വം വരിച്ചു; ഇസ്‌ലാമിലെ ഒന്നാമത്തെ രക്തസാക്ഷി.

ദുഷ്ടരായ ഖുറൈശികൾ അമ്മാറിനെ ലോഹകവചങ്ങൾ അണിയിച്ച് ചുട്ടുപഴുത്ത മണലിൽ കിടത്തി ബോധം നഷ്ടപ്പെടുന്നതുവരെ മർദിച്ചു. ഇസ്‌ലാമാശ്ലേഷിച്ച ബിലാൽ ഖുറൈശീതലവൻ ഉമയ്യയുടെ അടിമയായിരുന്നു. ബിലാൽ മുസ്‌ലിമായതറിഞ്ഞ ഉമയ്യ അദ്ദേഹത്തിന് ഭക്ഷണ പാനീയങ്ങൾ വിലക്കി. വിശന്ന് വലഞ്ഞ ബിലാലിനെ നട്ടുച്ചക്ക് പാറമേൽ കിടത്തി നെഞ്ചത്ത് ഭാരിച്ച കല്ലുകൾ കയറ്റിവെച്ച് അദ്ദേഹത്തോട് പറയും: 'മുസ്‌ലിമായതിന്റെ രുചി ആസ്വദിക്കുക.' ഇസ്‌ലാമാശ്ലേഷിച്ച മുഴുവൻ അടിമകളും ഇത്തരത്തിൽ മർദന പീഡനങ്ങൾക്കിരയായിക്കൊണ്ടിരുന്നു. മുഹമ്മദിന്റെ ആത്മമിത്രം അബൂബക്കർ ഇവരെയൊക്കെ മോചനദ്രവ്യം നൽകി അടിമത്തത്തിൽനിന്ന് മോചിപ്പിച്ചു. ഖുറൈശികളുടെ മർദന പീഡനങ്ങളാൽ മക്കയിൽ ജീവിതം അസഹ്യമായപ്പോൾ അബ്സീനിയയിലേക്ക് പലായനം ചെയ്യാൻ പ്രവാചകൻ നിർദേശിച്ചു.

അബ്സീനിയയിലെ രാജാവ് നജ്ജാശി ക്രിസ്തുമത വിശ്വാസിയായിരുന്നു. പ്രവാചക നിർദേശം ലഭിച്ചപ്പോൾ ധാരാളം മുസ്‌ലിംകൾ അബ്സീനിയയിലേക്ക് യാത്രയായി. വിവരം ലഭിച്ച ഖുറൈശികൾ രണ്ടു ദൂതന്മാരെ രാജാവിന്റെ അടുത്തേക്കയച്ചു. അവർ രാജാവിനെ കണ്ട് ബോധിപ്പിച്ചു. "ഞങ്ങളുടെ നാട്ടിലെ ഏതാനും കുറ്റവാളികൾ ഇവിടെ അഭയാർഥികളായി എത്തിയിട്ടുണ്ട്. അവർ ഞങ്ങളുടെ മതത്തെ തള്ളിപ്പറഞ്ഞവരാണ്. അങ്ങയുടെ മതവും സ്വീകരിച്ചിട്ടില്ല. എന്നിട്ടും അവർ ഇവിടെ സുഖമായി കഴിയുന്നു. പൂർവികരുടെ മതമുപേക്ഷിച്ച് കേട്ടുകേൾവി പോലുമില്ലാത്ത ഒരു പുതിയ മതമാണവർ സ്വീകരിച്ചിരിക്കുന്നത്. കുറ്റവാളികളായ അവരെ തിരിച്ചുകൊണ്ടു പോവാനാണ് ഞങ്ങൾ വന്നിരിക്കുന്നത്."

നജ്ജാശി രാജാവ് മുസ്‌ലിംകളോട് ചോദിച്ചു: "ഞങ്ങൾക്കൊന്നും പരിചയമില്ലാത്ത ഏതു മതമാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്?" മുസ്‌ലിംകളുടെ പ്രതിനിധിയായി ജഅ്ഫർ സംസാരിച്ചു: "അല്ലയോ രാജാവേ! ഞങ്ങൾ സംസ്കാരശൂന്യരും അജ്ഞരുമായിരുന്നു. വിഗ്രഹങ്ങളെ ആരാധിച്ചിരുന്നു. അശ്ലീലതകൾ പ്രവർത്തിച്ചിരുന്നു. അയൽവാസികളോടും സ്വന്തക്കാരോടും വഴക്കടിച്ചിരുന്നു. ഇതിനിടയിൽ അല്ലാഹു ഞങ്ങളിൽനിന്നൊരു പ്രവാചകനെ നിയോഗിച്ചു. അദ്ദേഹം ഞങ്ങളെ സത്യത്തിലേക്ക് ക്ഷണിച്ചു. ദൈവിക സന്ദേശം ഞങ്ങൾക്ക് നൽകിക്കൊണ്ട് അദ്ദേഹം പറഞ്ഞു: 'ഏകദൈവത്തെ മാത്രം ആരാധിക്കുക. ജീവനില്ലാത്ത വിഗ്രഹങ്ങളെ പൂജിക്കുന്നത് വർജിക്കുക. സത്യം പറയുക. അയൽവാസികളോട് നന്നായി പെരുമാറുക. അന്യായവും അതിക്രമവും ഉപേക്ഷിക്കുക. അനാഥരുടെയും അഗതികളുടെയും സമ്പത്ത് അന്യായമായി ഭുജിക്കരുത്. പതിവ്രതകൾക്കെതിരിൽ അപവാദം പ്രചരിപ്പിക്കാതിരിക്കുക. നമ



**ഇസ്‌ലാമിന്റെ അന്തിമലക്ഷ്യം സത്യത്തിന്റെയും ശാന്തിയുടെയും സംസ്ഥാപനവും ഭീകരതയെ ചെറുത്തുതോൽപിക്കലുമാണെന്ന് പ്രവാചകന്റെ പവിത്ര ജീവിതം സാക്ഷ്യപ്പെടുത്തുന്നു. അപ്പോൾ ഇസ്‌ലാമിനെ ഹിംസയോടും ഭീകരതയോടും ചേർത്തുപറയുക എന്നത് ഏറ്റവും വലിയ അസത്യമാണ്.**

സ്കരിക്കുക. ദാനധർമങ്ങൾ പതിവാക്കുക.' ഈ സന്ദേശം സത്യമാണെന്ന് ബോധ്യപ്പെട്ട ഞങ്ങൾ അത് അംഗീകരിച്ച് മുസ്‌ലിംകളായി."

ജഅ്ഫറിന്റെ വിവരണം നജ്ജാശിയെ സ്വാധീനിച്ചു. ഇവർ ഇവിടെ തന്നെ താമസിക്കട്ടെ എന്നു പറഞ്ഞ് ഖുറൈശീ ദൂതന്മാരെ അദ്ദേഹം തിരിച്ചയച്ചു.

മക്കയിൽ അവശേഷിച്ച മുസ്‌ലിംകൾക്കു നേരെയുള്ള ഖുറൈശികളുടെ മർദന പീഡനങ്ങൾ അസഹ്യമായപ്പോൾ രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു സംഘങ്ങളായി മദീനയിലേക്ക് പലായനം ചെയ്യാൻ നബി നിർദേശിച്ചു. അതീവ രഹസ്യമായി അവർ മദീനയിലേക്ക് പോകാനാരംഭിച്ചു. അധികപേരും മദീനയിൽ അഭയം തേടിയെത്തി. വിവരം മണത്തറിഞ്ഞ ഖുറൈശികൾ ചിലരെ പിടികൂടി ബന്ധനസ്ഥരാക്കി. മുഹമ്മദിന്റെ പുത്തൻ മതമുപേക്ഷിച്ച് പൂർവികരുടെ മതത്തിലേക്ക് തിരിച്ചുവരാൻ അവരെ നിർബന്ധിച്ചു. അംഗീകരിക്കാതിരുന്നപ്പോൾ നിഷ്കരുണം മർദിച്ചു.

ബന്ധനസ്ഥരായ മുസ്‌ലിംകൾക്ക്

പുറമെ മക്കയിൽ പ്രവാചകനും അലിയും അബൂബക്കറും മാത്രമാണ് അവശേഷിച്ചിരുന്നത്. ഖുറൈശികൾ അവരെ ജാഗ്രതയോടെ നിരീക്ഷിച്ചുകൊണ്ടിരുന്നു. മദീനയിലെത്തിയ മുസ്‌ലിംകൾ പ്രബോധന പ്രവർത്തനങ്ങളിൽ മുഴുകി. മദീനയിൽ ഇസ്‌ലാം ദ്രുതഗതിയിൽ പ്രചരിച്ചുകൊണ്ടിരുന്നു.

ഒരുവശത്ത് ഖുറൈശികൾ മുസ്‌ലിംകളെ നിരന്തരം പീഡിപ്പിച്ചുകൊണ്ടിരുന്നു. അതോടൊപ്പം അവരെ പൂർണമായും നാമാവശേഷമാക്കാനുള്ള പദ്ധതികളും ആവിഷ്കരിച്ചുകൊണ്ടിരുന്നു. വിശ്വാസികൾക്ക് സ്വന്തം ജന്മനാടും വീടും ഇക്കാലമത്രയും സമ്പാദിച്ചുണ്ടാക്കിയ സ്വത്തും ഉപേക്ഷിച്ച് പലായനം ചെയ്യേണ്ടിവന്നു. എന്നിട്ടും അവർ അക്ഷമരായില്ല. എന്നാൽ അതിക്രമികൾ മദീനയിലും അവരെ സസ്ഥതയോടെ ജീവിക്കാൻ അനുവദിച്ചില്ല. വമ്പിച്ച ഒരു സൈന്യവുമായി അവരെ ആക്രമിച്ചു.

## യുദ്ധത്തിന് അനുമതി

വെള്ളം തലക്കു മീതെ ഒഴുകാനാരംഭിച്ചപ്പോൾ അല്ലാഹു വിശ്വാസികൾക്ക് യുദ്ധം ചെയ്യാനുള്ള അനുമതി നൽകി. അല്ലാഹുവിന്റെ കൽപന വന്നു: "ആർക്കെതിരിൽ യുദ്ധം നടത്തപ്പെടുന്നുവോ അവർക്ക് തിരിച്ചടിക്കാൻ അനുമതി നൽകപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവർ മർദിതരാകുന്നു. അല്ലാഹു അവരെ സഹായിക്കാൻ തികച്ചും കഴിവുറ്റവൻ തന്നെ" (22:39).

അസത്യത്തിനായി പൊരുതുന്ന അതിക്രമികളോട് യുദ്ധം ചെയ്യാനുള്ള കൽപന അല്ലാഹുവിൽനിന്ന് ലഭിച്ചിരുന്നു. സത്യമത(ഇസ്‌ലാം)ത്തിന്റെ സംരക്ഷണാർഥം വാളെടുക്കാൻ മുസ്‌ലിംകൾക്ക് അനുവാദം ലഭിച്ചിരുന്നു. അതോടെ ജിഹാദ് (അസത്യത്തിനും ഭീകരതക്കുമെതിരെയുള്ള അധ്വാനം അഥവാ ധർമയുദ്ധം) ആരംഭിച്ചു. സത്യത്തിന്റെ സംസ്ഥാപനത്തിനും അന്യായവും അത്യാചാരവും ഭീകരതയും അവസാനിപ്പിക്കാനുമുള്ള ജിഹാദിൽ (ധർമസംരക്ഷണാർഥവും ആത്മരക്ഷാർഥവും നടത്തുന്ന യുദ്ധം) അല്ലാഹുവിന്റെ പ്രവാചകൻ വിജയിച്ചുകൊണ്ടിരുന്നു. മക്കയിലെയും പരിസര പ്രദേശങ്ങളിലെയും ശത്രുക്കൾ മുഖംകുത്തി വീണു.

അനന്തരം പ്രവാചകൻ മുഹമ്മദ് (സ) പതിനായിരത്തോളം വരുന്ന മുസ്‌ലിം സൈന്യവുമായി മക്കയിൽനിന്ന് അസത്യത്തിന്റെയും ഭീകരതയുടെയും അടിവേരറുക്കാൻ പുറപ്പെട്ടു. പ്രവാചകൻ കൈവരിച്ച വിജയങ്ങളും മുസ്‌ലിംകളുടെ അപാരശക്തിയും ദർശിച്ച മക്കയിലെ കാഫിറുകൾ ആയുധം വെച്ച് കീഴടങ്ങി. രക്തച്ചൊരിച്ചിലൊന്നുമില്ലാതെ മക്ക കീഴ്പ്പെട്ടു. ഇപ്രകാരം സത്യവും ശാന്തിയും വിജയിക്കുകയും അസത്യവും ഭീകരതയും പരാജയപ്പെടുകയും ചെയ്തു.

മക്ക! ഇന്നലെ അപമാനിച്ച മക്ക ഇന്ന് സ്വാഗതം ചെയ്യുകയായിരുന്നു. ഔദാര്യത്തിന്റെയും കാരുണ്യത്തിന്റെയും മൂർത്തീമദ്ഭാവമായ പ്രവാചകൻ, മുസ്‌ലിംകളെ നിഷ്കരുണം മർദിക്കുകയും ജന്മനാട്ടിൽനിന്ന് ഓടിപ്പോകാൻ നിർബന്ധിതരാക്കുകയും ചെയ്ത മുഴുവനാളുകൾക്കും മാപ്പു നൽകി. അതേ മക്കക്കാർ അല്ലാഹുവിന്റെ പ്രവാചകന് മുമ്പിൽ ആഹ്ലാദഭരിതരായി പ്രഖ്യാപിക്കുകയായിരുന്നു: 'ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുൻ റസൂലുല്ലാഹ്'

അവർ കൂട്ടത്തോടെ പ്രതിജ്ഞയെടുക്കുകയായിരുന്നു. 'ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല എന്ന് ഞാൻ സാക്ഷ്യംവഹിക്കുന്നു. മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.'

മുഹമ്മദിന്റെ ജീവചരിത്രം വായിച്ചപ്പോൾ തൗഹീദിന്റെ സംസ്ഥാപനത്തിനായി എന്തുമാത്രം പ്രയാസങ്ങളും ദുരിതങ്ങളുമാണ് അദ്ദേഹം സഹിച്ചതെന്ന് എനിക്ക് ബോധ്യമായി.

മക്കയിൽ 13 വർഷക്കാലം അദ്ദേഹവും അനുയായികളും സഹിച്ച ത്യാഗങ്ങൾ വിവരണാതീതമാണ്. അദ്ദേഹത്തിനും അനുയായികൾക്കും ജന്മനാട് പോലും ഉപേക്ഷിക്കേണ്ടിവന്നു. നിർബന്ധിതനായാണദ്ദേഹം ആയുധമണിഞ്ഞത്. അദ്ദേഹത്തിന്റെയും അനുയായികളുടെയും മേൽ യുദ്ധം അടിച്ചേൽപ്പിക്കുകയായിരുന്നു.

ഇത്തരമൊരു സാഹചര്യത്തിലാണ് ജിഹാദി(ആത്മരക്ഷാർഥവും ധർമരക്ഷാർഥവും നടത്തപ്പെടുന്ന യുദ്ധം)നെക്കുറിച്ച് സൂക്തങ്ങൾ അവതരിക്കുന്നത്. അതിക്രമികളായ കാഫിറുകളെയും മുശ്‌രിക്കുകളെയും ശിക്ഷിക്കാനുള്ള നിർദേശം ആകാശത്തു നിന്ന് അവതരിക്കുന്നത്.

പ്രവാചകൻ നയിച്ച യുദ്ധങ്ങൾ ആക്രമണത്തിനായിരുന്നില്ല. ആക്രമണത്തിൽനിന്നും ഭീകരതയിൽനിന്നും രക്ഷപ്പെടാനായിരുന്നു. അക്രമികളെ ഇവ്വിധം നേരിടാതെ ശാന്തി സംസ്ഥാപിതമാവുകയില്ല. സത്യത്തിനും ശാന്തിക്കുമായി ദൈവദൂതൻ അന്തിമ സീമ വരെ ധീരതയോടെ നിലകൊണ്ടു. ധീരതയുടെയും സ്ഥൈര്യത്തിന്റെയും അന്തിമ സീമ കൂടി ഉല്ലംഘിക്കപ്പെടുമ്പോഴാണ് യുദ്ധം ആരംഭിക്കുന്നത്. ഇതിനെയാണ് ധർമയുദ്ധം (ജിഹാദ്) എന്ന് പറയുന്നത്. മുസ്‌ലിംകൾക്ക് നേരെ ഭയങ്കരമായ ആക്രമണങ്ങൾ അഴിച്ചുവിട്ട ഖുറൈശികൾ മക്കാ വിജയ ദിവസം ഇന്നെന്താണ് സംഭവിക്കാൻ പോകുന്നതെന്നാലോചിച്ച് കിടുകിടാ വിറക്കുകയായിരുന്നു. എന്നാൽ പ്രവാചകൻ പൊതുമാപ്പ് പ്രഖ്യാപിച്ചത് പ്രത്യേകം ശ്രദ്ധേയമാണ്. ഇസ്‌ലാമിന്റെ അന്തിമലക്ഷ്യം സത്യത്തിന്റെയും ശാന്തിയുടെയും സംസ്ഥാപനവും ഭീകരതയെ ചെറുത്തുതോൽപിക്കലുമാണെന്ന് പ്രവാചകന്റെ പവിത്ര ജീവിതം സാക്ഷ്യപ്പെടുത്തുന്നു. അപ്പോൾ ഇസ്‌ലാമിനെ ഹിംസയോടും ഭീകരതയോടും ചേർത്തുപറയുക എന്നത് ഏറ്റവും വലിയ അസത്യമാണ്. ഇത്തരം ഏതെങ്കിലും സംഭവങ്ങളുണ്ടാകുന്നുവെങ്കിൽതന്നെ അതിനെ ഇസ്‌ലാമിനോടും മുസ്‌ലിം സമൂഹത്തോടും ബന്ധിപ്പിക്കുന്നത് അനീതിയാണ്.

## ഇസ്‌ലാമിക ആദർശം

ഇസ്‌ലാമിന്റെ അടിത്തറ വിശദമായി മനസ്സിലാക്കാൻ നമുക്ക് ഖുർആനിലേക്ക് മടങ്ങാം. ഇസ്‌ലാം ഭീകരതയാണോ അതോ ഒരു ജീവിത ദർശനമോ എന്നറിയാൻ ഖുർആനിൽനിന്നുള്ള ചില സൂക്തങ്ങളിതാ. ഇത് ഞാൻ മൗലാനാ ഫതഹ് മുഹമ്മദ് ഖാൻ ജലന്ദരിയുടെ ഹിന്ദി പരിഭാഷയിൽനിന്നാണ് ഉദ്ധരിക്കുന്നത് (Mahmood & co. Marole Pipe line, Mumbai 59 ആണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത്).

ഖുർആൻ ആരംഭിക്കുന്നത്, പരമ കാരുണികും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ ആണ്- ബിസ്മില്ലാഹിർറഹ്മാനിർറഹീം. ശ്രദ്ധിക്കുക! ആർക്കെങ്കിലും കഷ്ടനഷ്ടങ്ങളേൽപിക്കുന്നതോ ഹിംസയും ഭീകരതയും വളർത്താൻ സഹായകമാകുന്നതോ ആയ കൽപനകൾ എങ്ങനെയാണ് പരമകാരുണികനിൽനിന്നുണ്ടാവുക? ദൈവിക വിശേഷണങ്ങളുടെ പൂർണ പ്രഭാവം ദൈവദൂതന്റെ പ്രായോഗിക ജീവിതത്തിൽ നമുക്ക് ദർശിക്കാം.

അതിക്രമകാരികളും അത്യാചാരികളുമായ കാഫിറുകളോട് യുദ്ധം ചെയ്യാനാണ് മുസ്‌ലിംകളോട് ആഹ്വാനം ചെയ്തതെന്ന് ഖുർആൻ സൂക്തങ്ങളിൽനിന്നും പ്രവാചകജീവിതത്തിൽനിന്നും നമുക്ക് ഗ്രഹിക്കാവുന്നതാണ്. ഖുർആനിൽ അല്ലാഹു കൽപിക്കുന്നത് ശ്രദ്ധിക്കുക: "നി

ന്നെ തടവിലാക്കാനോ കൊന്നുകളയാനോ നാടു കടത്താനോ സത്യനിഷേധികൾ നിനക്കെതിരെ തന്ത്രം മെനഞ്ഞ സന്ദർഭം. അവർ തന്ത്രം പ്രയോഗിക്കുന്നു. അല്ലാഹുവും തന്ത്രം പ്രയോഗിക്കുന്നു. തന്ത്രം പ്രയോഗിക്കുന്നതിൽ മികവുറ്റവൻ അല്ലാഹുതന്നെ" (8:30).

"സ്വന്തം നാടുകളിൽനിന്ന് അന്യായമായി ഇറക്കപ്പെട്ടവരാണവർ. 'ഞങ്ങളുടെ നാഥൻ അല്ലാഹുവാണ്' എന്ന് പ്രഖ്യാപിച്ചതല്ലാതെ ഒരു തെറ്റുമവർ ചെയ്തിട്ടില്ല. അല്ലാഹു ജനങ്ങളിൽ ചിലരെ ചിലരെക്കൊണ്ട് പ്രതിരോധിക്കുന്നില്ലായെങ്കിൽ ദൈവനാമം ധാരാളമായി സ്മരിക്കപ്പെടുന്ന സന്യാസിമഠങ്ങളും ചർച്ചുകളും സിനഗോഗുകളും മുസ്‌ലിം പള്ളികളും തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നവരെ ഉറപ്പായും അല്ലാഹു സഹായിക്കും. അല്ലാഹു സർവശക്തനും ഏറെ പ്രതാപിയുംതന്നെ" (22:40).

"അതല്ല, ഇത് അദ്ദേഹം കെട്ടിച്ചമച്ചതാണെന്നാണോ അവർ വാദിക്കുന്നത്. പറയുക, എങ്കിൽ ഇതുപോലുള്ള പത്ത് അധ്യായം നിങ്ങൾ കെട്ടിച്ചമച്ച് കൊണ്ടുവരിക. അതിനായി അല്ലാഹുവിനു പുറമെ നിങ്ങൾക്ക് കിട്ടാവുന്നവരെയൊക്കെ വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാന്മാരെങ്കിൽ" (11:13). "നാടെങ്ങുമുള്ള സത്യനിഷേധികളുടെ വിളയാട്ടം നിന്നെ വഞ്ചിക്കാതിരിക്കട്ടെ" (3:196).

"യുദ്ധത്തിനിരയായവർക്ക് തിരിച്ചടിക്കാൻ അനുവാദം നൽകിയിരിക്കുന്നു. കാരണം അവർ മർദിതരാണ്. ഉറപ്പായും അല്ലാഹു അവരെ സഹായിക്കാൻ പോന്നവൻ തന്നെ" (22:39). "ഏറ്റുമുട്ടുന്നത് എവിടെവെച്ചായാലും നിങ്ങളവരെ വധിക്കുക. അവർ നിങ്ങളെ പുറത്താക്കിയിടത്ത് നിന്ന് നിങ്ങളവരെയും പുറന്തള്ളുക" (2:191).

"അല്ലാഹുവോടും അവന്റെ ദൂതനോടും യുദ്ധത്തിലേർപ്പെടുകയും ഭൂമിയിൽ കുഴപ്പം കുത്തിപ്പൊക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർക്കുള്ള ശിക്ഷ വധമോ കുരിശിലേറ്റലോ കൈകാലുകൾ എതിർദിശകളിൽ മുറിച്ചുകളയലോ നാടു കടത്തലോ ആണ്. അതാണവർക്ക് ഈ ലോകത്തുള്ള മാനക്കേട്, പരലോകത്തോ കടുത്ത ശിക്ഷയും. എന്നാൽ നിങ്ങളവരെ പിടികൂടി നടപടിയെടുക്കാൻ തുടങ്ങും മുമ്പ് അവർ പശ്ചാത്തപിക്കുകയാണെങ്കിൽ അവർക്ക് ഈ ശിക്ഷ ബാധകമല്ല. നിങ്ങളറിയുക, അല്ലാഹു ഏറെ പൊറുക്കുന്നവനും പരമദയാലുവുമാണ്" (5:33,34).



ഖുർആനിലൂടെ അല്ലാഹു മുസ്‌ലിംകൾക്ക് നൽകിയ ഒരു നിർദേശം അമുസ്‌ലിംകളെ സ്വൈരമായി ജീവിക്കാൻ വിടരുതെന്നാണെന്ന പച്ചക്കള്ളം ഇസ്‌ലാമിനെതിരിൽ പ്രചരിപ്പിക്കപ്പെടുന്നു. എന്നാൽ നിരപരാധികളോട് യുദ്ധം ചെയ്യാൻ ഇസ്‌ലാം അനുമതി നൽകുന്നില്ല; അവർ കാഫിറുകളോ മുശ്‌രിക്കുകളോ ശത്രുക്കളോ ആയിരുന്നാലും.

അല്ലാഹുവിന്റെ ഈ കൽപന പ്രത്യേകം ശ്രദ്ധിക്കുക. "മതത്തിന്റെ പേരിൽ നിങ്ങളോട് പൊരുതുകയോ നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ ആട്ടിപ്പുറത്താക്കുകയോ ചെയ്യാത്തവരോട് നന്മ ചെയ്യുന്നതും നീതി കാണിക്കുന്നതും അല്ലാഹു വിലക്കുന്നില്ല. നീതി കാട്ടുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നു" (60:8).

"മതത്തിന്റെ പേരിൽ നിങ്ങളോട് പൊരുതുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറത്താക്കാൻ പരസ്പരം സഹായിക്കുകയും ചെയ്തവരെ ആത്മമിത്രങ്ങളാക്കുന്നത് മാത്രമാണ് അല്ലാഹു വിലക്കിയിട്ടുള്ളത്. അത്തരക്കാരെ ആത്മമിത്രങ്ങളാക്കുന്നവരാരോ അവർ തന്നെയാണ് അക്രമികൾ" (60:9).

ഖുർആനിലൂടെ അല്ലാഹു മുസ്‌ലിംകൾക്ക് നൽകിയ ഒരു നിർദേശം അമുസ്‌ലിംകളെ സ്വൈരമായി ജീവിക്കാൻ വിടരുതെന്നാണെന്ന പച്ചക്കള്ളം ഇസ്‌ലാമിനെതിരിൽ പ്രചരിപ്പിക്കപ്പെടുന്നു. എന്നാൽ നിരപരാധികളോട് യുദ്ധം ചെയ്യാൻ ഇസ്‌ലാം അനുമതി നൽകുന്നില്ല; അവർ കാഫിറുകളോ മുശ്‌രിക്കുകളോ ശത്രുക്കളോ ആയിരുന്നാലും.

## അതിക്രമം അരുത്

"നിങ്ങളോട് യുദ്ധം ചെയ്യുന്നവരോട് ദൈവമാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ പരിധി ലംഘിക്കരുത്. അതിക്രമികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല" (2:190).

"ഇതൊക്കെയും അല്ലാഹുവിന്റെ വചനങ്ങളാണ്. നാമവ നിനക്ക് യഥാവിധി ഓതിക്കേൾപ്പിക്കുന്നു. ലോകജനതയോട് ഒരനീതിയും കാണിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല" (3:108).

ലോകത്ത് ശാന്തി സ്ഥാപിതമാവുക എന്നതാണ് ഇസ്‌ലാമിന്റെ പ്രാഥമിക ദൗത്യം. യുദ്ധം അന്തിമമാർഗമാണ്. താഴെ കൊടുക്കന്ന സൂക്തം ഇതിന്റെ വ്യക്തമായ നിദർശനമാണ്.

"സത്യനിഷേധികളോട് പറയുക! ഇനിയെങ്കിലുമവർ വിരമിക്കുകയാണെങ്കിൽ മുമ്പ് കഴിഞ്ഞതൊക്കെ അവർക്ക് പൊറുത്തുകൊടുക്കും. അഥവാ അവർ പഴയത് ആവർത്തിക്കുകയാണെങ്കിൽ അവർ ഓർക്കട്ടെ, പൂർവികരുടെ കാര്യത്തിൽ അല്ലാഹുവിന്റെ നടപടിക്രമം വന്നുകഴിഞ്ഞതാണല്ലോ" (8:38).

ശത്രുക്കളോടു പോലും നീതിയിൽ വർത്തിക്കണമെന്നാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. നീതിയുടെ ഉന്നത മാതൃകയാണ് ഇസ്‌ലാം കാഴ്ചവെക്കുന്നത്. താഴെ ഉദ്ധരിക്കുന്ന സൂക്തം ശ്രദ്ധിക്കുക.

"വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിന് വേണ്ടി നേരാംവിധം നിലകൊള്ളുന്നവരാവുക; നീതിക്ക് സാക്ഷ്യം വഹിക്കുന്നവരും. ഒരു ജനതയോടുള്ള വിരോധം അനീതി കാണിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പാലിക്കുക, അതാണ് ധർമപാലനത്തോട് ഏറ്റവും ചേർന്നു നിൽക്കുന്നത്. നിങ്ങൾ അ

ല്ലാഹുവെ സൂക്ഷിക്കുക. ഉറപ്പായും അല്ലാഹു നിങ്ങൾ ചെയ്യുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാണ്" (5:8).

നിരപരാധിയെ വധിക്കാൻ ഇസ്ലാം അനുവാദം നൽകുന്നില്ല. രക്തത്തിന് പകരം രക്തം എന്നതാണതിന്റെ ശിക്ഷ. എന്നാൽ കൊലയാളിയെ മാത്രമേ വധിക്കാവൂ. അതിക്രമം അരുത്. ഇതാണ് യഥാർഥ നീതി. അല്ലാഹുവിന്റെ കൽപന കാണുക:

"അല്ലാഹു ആദരിച്ച മനുഷ്യജീവനെ അന്യായമായി നിങ്ങൾ ഹനിക്കരുത്. ആരെങ്കിലും അന്യായമായി വധിക്കപ്പെട്ടാൽ അവന്റെ അവകാശികൾക്ക് നാം പ്രതിക്രിയക്ക് അധികാരം നൽകിയിരിക്കുന്നു. എന്നാൽ അവൻ കൊലയിൽ അതിരുകവിയരുത്. തീർച്ചയായും അവൻ സഹായിക്കപ്പെടുന്നവനാകുന്നു" (17:33).

നാട്ടിൽ കുഴപ്പമുണ്ടാക്കാൻ അനുവാദമില്ല. ഖുർആന്റെ കൽപന കാണുക: "ജനങ്ങൾക്ക് അവരുടെ ചരക്കുകളിൽ കുറവ് വരുത്തരുത്. നാട്ടിൽ കുഴപ്പക്കാരായി വിഹരിക്കരുത്" (26:183).

## അക്രമികൾക്ക് അല്ലാഹുവിന്റെ മുന്നറിയിപ്പ്

"അല്ലാഹുവിന്റെ തെളിവുകളെ തള്ളിപ്പറയുകയും അന്യായമായി പ്രവാചകന്മാരെ കൊലപ്പെടുത്തുകയും ജനങ്ങളിൽനിന്ന് നീതി പാലിക്കാൻ കൽപിക്കുന്നവരെ വധിക്കുകയും ചെയ്യുന്നവർക്ക് നോവേറിയ ശിക്ഷയുണ്ടെന്ന് സുവാർത്ത അറിയിക്കുക" (3:21).

"സത്യത്തിനായി കഷ്ടനഷ്ടങ്ങൾ സഹിക്കുകയും ആ മാർഗത്തിൽ വധിക്കുകയും വധിക്കപ്പെടുകയും ചെയ്യുന്നവർക്ക് ദൈവിക കൃപ ലഭിക്കും. അവൻ അല്ലാഹുവിന്റെ ഇഷ്ടഭാജനങ്ങളായിരിക്കും. അപ്പോൾ അവരുടെ നാഥൻ അവർക്കുത്തരമേകി. പുരുഷനായാലും സ്ത്രീയായാലും നിങ്ങളിൽ ആരുടെയും പ്രവർത്തനത്തെ ഞാൻ പാഴാക്കുകയില്ല. നിങ്ങളൊരു വിഭാഗം മറുവിഭാഗത്തിൽനിന്നുണ്ടായവരാണ്. അതിനാൽ അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ നാട് വെടിഞ്ഞവർ, സ്വന്തം വീടുകളിൽ നിന്ന് പുറന്തള്ളപ്പെട്ടവർ, എന്റെ മാർഗത്തിൽ പീഡിപ്പിക്കപ്പെട്ടവർ, യുദ്ധത്തിലേർപ്പെടുകയും വധിക്കപ്പെടുകയും ചെയ്തവർ- എല്ലാവരുടെയും തിന്മകളെ നാം മായ്ച്ചില്ലാതാക്കും. തീർച്ച. താഴ്ഭാഗത്തിലൂടെ ആറുകൾ ഒഴുകുന്ന സ്വർഗീയാരാമങ്ങളിൽ നാമവരെ പ്രവേശിപ്പിക്കും. ഇതൊക്കെയും അല്ലാഹുവിങ്കൽനിന്നുള്ള പ്രതിഫലമാണ്. അല്ലാഹുവിന്റെയടുത്ത് മാത്രമാണ് ഉത്തമമായ പ്രതിഫലമുള്ളത്" (3:195).

ഇസ്ലാമിനെ താറടിച്ച് കാണിക്കാൻ, വാളുകൊണ്ടാണ് ഇസ്ലാം പ്രചരിച്ചതെന്ന് നിരന്തരമായി എഴുതുകയും പ്രചരിപ്പിക്കുകയുമായിരുന്നു ചിലർ. മക്കയടക്കം അറബ് ലോകമൊന്നടങ്കം കീഴ്പ്പെടുത്തിയത് വാളുകൊണ്ടാണെന്നും നിർബന്ധിത മതപരിവർത്തനങ്ങളിലൂടെയാണ് ലോകത്ത് ഇസ്ലാം വ്യാപിച്ചതെന്നും പ്രചരിപ്പിച്ചു. എന്നാൽ നിർബന്ധിച്ച് ഇസ്ലാമിലേക്ക് കൊണ്ടുവരുന്നതിനെ ഇസ്ലാം തന്നെ കർശനമായി നിരോധിച്ചിരിക്കുന്നു.

ഖുർആനിൽ അല്ലാഹു പറയുന്നു: "നിന്റെ നാഥൻ ഇഛിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ളവരൊക്കെയും സത്യവിശ്വാസം സ്വീകരിക്കുമായിരുന്നു. എന്നിരിക്കെ ജനങ്ങൾ വിശ്വാസികളാകാൻ നീ അവരെ നിർബന്ധിക്കുകയോ" (10:99).

"പറയുക, അല്ലായോ സത്യനിഷേധികളേ! നിങ്ങൾ ആരാധിക്കുന്നവയെ ഞാൻ ആരാധിക്കുന്നില്ല. ഞാൻ ആരാധിക്കുന്നതിനെ ആരാധിക്കുന്നവരല്ല നിങ്ങൾ. നിങ്ങൾ ആരാധിക്കുന്നവയെ ആരാധിക്കുന്നവനല്ല ഞാൻ. ഞാൻ ആരാധിക്കുന്നതിനെ ആരാധിക്കുന്നവരല്ല നിങ്ങളും. നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എന്റെ മതം" (109:1-6).

"പ്രവാചകരേ അവർ നിന്നോട് തർക്കിക്കുകയാണെങ്കിൽ പറയുക, ഞാൻ എന്നെ പൂർണമായും അല്ലാഹുവിന് സമർപ്പിച്ചിരിക്കുന്നു; എന്നെ പിന്തുടർന്നവരും. വേദഗ്രന്ഥം ലഭിച്ചവരോടും അക്ഷരജ്ഞാനമില്ലാത്തവരോടും നീ ചോദിക്കുക, നിങ്ങൾ ദൈവത്തിന് കീഴ്പ്പെട്ടോ? അവർ കീഴ്പ്പെട്ടു കഴിഞ്ഞാൽ ഉറപ്പായും അവർ നേർവഴിയിലായി. അവർ പിന്തിരിഞ്ഞു പോയാലോ അവർക്ക് സന്മാർഗം എത്തിക്കേണ്ട ബാധ്യതയേ നിനക്കുള്ളൂ. അല്ലാഹു തന്റെ ദാസന്മാരുടെ കാര്യം സൂക്ഷ്മമായി കണ്ടറിയുന്നവനാണ്" (3:20).

"പറയുക, വേദവിശ്വാസികളേ! ഞങ്ങളും നിങ്ങളും ഒരുപോലെ അംഗീകരിക്കുന്ന തത്ത്വത്തിലേക്ക് വരിക. അതിതാണ്; അല്ലാഹു അല്ലാത്ത ആർക്കും നാം വഴിപ്പെടാതിരിക്കുക. അവനിൽ ഒന്നിനെയും പങ്കുചേർക്കാതിരിക്കുക. അല്ലാഹുവെ കൂടാതെ നമ്മിൽ ചിലർ മറ്റു ചിലരെ രക്ഷാധികാരികളാക്കാതിരിക്കുക. ഇനിയും അവർ പിന്തിരിഞ്ഞു പോകുന്നുവെങ്കിൽ പറയുക, ഞങ്ങൾ മുസ്ലിംകളാണ്; നിങ്ങളതിന് സാക്ഷികളാവുക" (3:64).

ഇസ്ലാം ഒരുവിധത്തിലുള്ള നിർബന്ധവും അനുവദിക്കുന്നില്ല. ഖുർആൻ പറയുന്നു: "മതത്തിൽ ബലപ്രയോഗം അരുത്" (2:256).

"എന്നാൽ അറിയുക: ആർ പാപം പ്രവർത്തിക്കുകയും പാപം അവരെ വലയം ചെയ്യുകയും ചെയ്യുന്നുവോ അവരാണ് നരകാവകാശികൾ. അവരതിൽ സ്ഥിരവാസികളായിരിക്കും" (2:81).

പ്രവാചകൻ മുഹമ്മദി(സ)ന്റെ ജീവിതവും ഖുർആനിൽനിന്ന് ഉദ്ധരിച്ച സൂക്തങ്ങളും ഒരു കാര്യം വ്യക്തമാക്കുന്നു. പ്രവാചകൻ മുഹമ്മദിന്റെ കർമങ്ങളിൽ എവിടെയും ഭീകരത ദർശിക്കാനാവില്ല. ഇസ്ലാമിനെ കുറിച്ച അജ്ഞതയും അൽപജ്ഞാനവുമാണ് ഇസ്ലാമിനെ ഭീരതയുമായി ബന്ധിപ്പിക്കാൻ കാരണമെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നു. ■

(*ഇസ്ലാം ഭീകരതയോ, ജീവിത ദർശനമോ?* എന്ന പുസ്തകം ലഭിക്കാൻ
സ്വാമി ലക്ഷ്മി ശങ്കരാചാര്യ
A 1601 Aawas Vikas Colony
Hanspuram, Naubasta, Kanpur 208021 എന്ന വിലാസത്തിൽ ബന്ധപ്പെടുക. വില 100 രൂപ).